"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീമതി ശ്രീലതയ്ക്ക് PMAY-U പദ്ധതി പ്രകാരം അനുവദിച്ച വീടും സ്ഥലവും എയർപോർട്ട് വികസനത്തിനായി ഏറ്റെടുത്തപ്പോൾ നൽകിയ നഷ്ടപരിഹാരത്തിൽ നിന്നും കുറവ് ചെയ്ത തുക തിരികെ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2126/2025/LSGD തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:-

1. കൊണ്ടോട്ടി നഗരസഭയുടെ 03/10/2023 തീയതിയിലെ 37/1 നമ്പർ തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.03.2025 ലെ LSGD/PD/37536/2024- CSSA4 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയിൽ നിന്നും ശ്രീമതി ശ്രീലതയ്ക്ക് PMAY-U പദ്ധതി പ്രകാരം അനുവദിച്ച വീടും ഭൂമിയും എയർപോർട്ട് അതോറിറ്റിക്ക് വേണ്ടി സർക്കാർ ഏറ്റെടുക്കുകയും വസ്തുവിനും വീടിനും കൂടി 63,90,605/- രൂപ നഷ്ടപരിഹാരമായി അനുവദിക്കുകയും ചെയ്തു. നഷ്ടപരിഹാര തുകയിൽ, കൊണ്ടോട്ടി നഗരസഭയിൽ നിന്ന് PMAY - പദ്ധതി പ്രകാരം ശ്രീമതി. ശ്രീലതയ്ക്ക് ലഭിച്ച 4 ലക്ഷം രൂപയും അതിന്റെ പലിശയും ചേർത്ത് 6,30,000/- (ആറ് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) കിഴിച്ച് ബാക്കി തുകയായ 57,60,605/- (അൻപത്തി ഏഴ് ലക്ഷത്തി അറുപതിനായിരത്തി അറുന്നൂറ്റി അഞ്ച് രൂപ മാത്രം) യാണ് അനുവദിച്ചത്.

സർക്കാർ സ്വന്തം നിലയിലാണ് ഭൂമി ഏറ്റെടുത്തതെന്നതിനാലും അപേക്ഷക സ്വന്തം നിലയിൽ വീട് കയ്യൊഴിഞ്ഞതല്ലാത്തതിനാലും, നഷ്ടപരിഹാര തുകയിൽ നിന്ന് നഗരസഭയിൽ തിരിച്ചടക്കേണ്ട തുക (6,30,000/-രൂപ) ഒഴിവാക്കി നൽകുന്നതിന് സർക്കാർ അനുമതിക്കായി അഭ്യർത്ഥിക്കുന്നതിന് പരാമർശം 1 പ്രകാരം നഗരസഭാ തീരുമാനമെടുക്കുകയും, ശ്രീമതി ശ്രീലതയ്ക്ക് PMAY-U പദ്ധതി പ്രകാരം അനുവദിച്ച വീടും സ്ഥലവും എയർപോർട്ട് വികസനത്തിനായി ഏറ്റെടുത്തപ്പോൾ കിട്ടിയ നഷ്ടപരിഹാരത്തിൽ നിന്നും കുറവ് ചെയ്ത

6,30,000-രൂപ തുക ടിയാൾക്ക് തിരികെ അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപെക്ഷക സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും PMAY ഭവന/പൊതു ഭവന പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയതിനാൽ, ഭാവിയിൽ സംസ്ഥാന /കേന്ദ്ര സർക്കാരുകളുടെ ഒരു പൊതു ഭവന പദ്ധതിക്കും അർഹതയുണ്ടായിരിക്കില്ല എന്ന വ്യവസ്ഥയിൽ, കൊണ്ടോട്ടി നഗര സഭയിലെ ശ്രീമതി ശ്രീലത, പാലക്കുന്ന് വീട്, ചിറയിൽ കൊണ്ടോട്ടിക്ക് PMAY-U പദ്ധതി പ്രകാരം അനുവദിച്ച വീടും സ്ഥലവും എയർപോർട്ട് വികസനത്തിനായി ഏറ്റെടുത്തപ്പോൾ നൽകിയ നഷ്ടപരിഹാരത്തിൽ നിന്നും കുറവ് ചെയ്ത 6,30,000/-രൂപ (ആറു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) തിരികെ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊണ്ടോട്ടി നഗരസഭ
ശ്രീമതി ശ്രീലത, പാലക്കുന്ന് വീട്, ചിറയിൽ പി.ഒ., കൊണ്ടോട്ടി,
മലപ്പുറം-673638
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Sheeba. S. C**
**Date: 27-08-2025 12:39:02**
സെക്ഷൻ ഓഫീസർ